"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - കാസർഗോഡ് - മത്സ്യത്തൊഴിലാളിയെ രക്ഷിക്കുന്നതിനിടെ മരണമടഞ്ഞ Sea Rescue Guard ആയ ശ്രീ.എം.സനീഷിന്റെ കുടുംബത്തിന്, ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ് - ബി) വകുപ്പ്

സ.ഉ.(സാധാ) നം.4575/2023/RD തീയതി,തിരുവനന്തപുരം, 29-12-2023

---

പരാമർശം:- 1. 30.11.2023 തീയതിയിലെ കാസർഗോഡ് ജില്ലാ കളക്ടറുടെ കെ.എസ്.ജി.ഡി /9688/2023-L6 നമ്പർ കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ നീലേശ്വരം തൈക്കടപ്പുറം ബോട്ട് ജെട്ടിക്ക് പടിഞ്ഞാറുവശം **20/08/2023** വൈകുന്നേരം അഞ്ചുമണിക്ക് തീരത്തുനിന്നും കടലിലേക്ക് ഇറങ്ങി വല ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതിനിടെ ഒഴുക്കിൽപ്പെട്ട് ശ്രീ, രാജേഷ് (38), S/o ദാമോദരൻ എന്ന മത്സ്യത്തൊഴിലാളിയെ രക്ഷിക്കുന്നതിനിടെ മരണമടഞ്ഞ കാസർഗോഡ് ജില്ലയിലെ **സീ റെസ്ക്യൂ ഗാർഡ് ശ്രീ.സനീഷിന്റെ(S/o ഭരതൻ, തൈക്കടപ്പുറം )കുടുംബത്തിന്**, കാസർഗോഡ് ജില്ല കലക്ടറുടെ പരാമർശം കത്തിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(2) വിതരണത്തിനാവശ്യമായി വരുന്ന 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ല കളക്ടർക്ക് നൽകേണ്ടതും, ജില്ല കളക്ടർ തുക വിതരണം ചെയ്തു ഒരാഴ്ചക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനിറാണി കെ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, കാസർഗോഡ്
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മത്സ്യബന്ധന തുറമുഖ (ബി) വകുപ്പിന് (അറിവിലേക്കായി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ )കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
സ്പെഷ്യൽ സെക്രട്ടറിയുടെ സി .എ ക്ക്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Rakesh Paul
Date: 29-12-2023 12:23:31
സെക്ഷൻ ഓഫീസർ